# സഭയുടെ പ്രധാന മേലദ്ധ്യക്ഷനും പിൻഗാമിസ്ഥാനവും

**ഫാ. ഡോ. ജോർജ് കോശി**

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയുടെ തെരഞ്ഞെടുപ്പിനു അനക്കവും ആക്കവുമൊക്കെ ഇട്ടിരിക്കയാണെന്നു കേൾക്കുന്നു. 'വലിയബാവാ'യും പുതിയ ബാവായും വരാനിരിക്കുന്ന ബാവായും മലങ്കരസഭയിൽ ഒരേ സമയത്തുണ്ടാകുമ്പോൾ അതു പുതിയൊരു "ചരിത്രസൃഷ്ടിക്കു" വകയാകുമെന്നുള്ള വ്യാമോഹം മാത്രമായിരിക്കയില്ല അതിനു പ്രേരണയേകുന്നത്. ചില മേല്പ്പട്ടക്കാരുടെ ജീവചരിത്രങ്ങളും നേട്ടങ്ങളുടെ പട്ടികകളും പകിട്ടുകളും അടുത്തകാലത്തു അടിക്കടി പ്രത്യക്ഷപ്പെടുന്നതിന്റെ പിന്നാമ്പുറം എന്താണെന്നറിയുവാൻ ആഴമായ ആലോചനയുടെ ആവശ്യം വേണ്ടിവരികയില്ല.

സഭയെ ദൈവം നടത്തുന്നു; നടത്തുമെന്നുള്ള സത്യം ആരും ആരേയും അനുസ്മരിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നേതൃനിരയിൽ നിലകൊള്ളുന്നവർക്കു ആ ബോദ്ധ്യം നഷ്ടപ്പെടുകയില്ലെന്നു കരുതുന്നു. നേരത്തെതന്നെ തെരഞ്ഞെടുത്തുവച്ചു എല്ലാം സുരക്ഷിതമാക്കാനുള്ള ശ്രമവും ശ്രദ്ധയുമല്ലേ അങ്ങനെ ഒരു നീക്കമുണ്ടാകുന്നുവെങ്കിൽ അതിനു കാരണം! ആവശ്യം കൊണ്ടല്ല, പലരുടെയും സമ്മർദ്ദവുമായിരിക്കണം അതിനു പ്രേരണയേകുന്നത്. പ്രധാന മേലദ്ധ്യക്ഷന്റെ പിൻഗാമിയെ നിശ്ചയിക്കുവാൻ അടുത്തുതന്നെ പദ്ധതി തയ്യാറാക്കുന്നവർ വൈദികട്രസ്റ്റിയുടെയും അത്മായട്രസ്റ്റിയുടെയും അതുപോലെതന്നെ മെത്രാസനാദ്ധ്യക്ഷന്മാരുടെയും പിൻഗാമികളെയും നേരത്തേതന്നെ തെരഞ്ഞെടുക്കുവാൻ ആയാസപ്പെടേണ്ടതല്ലേ? സകലവും ശരിക്കും സുരക്ഷിതമാക്കി "സഭയുടെ ഭിത്തിയെ ബലവത്താക്കാൻ" ചിന്തിക്കേണ്ടതല്ലേ?

കഴിഞ്ഞ അര നൂറ്റാണ്ടു കാലമായി പിൻഗാമിയെ നേരത്തെ തെരഞ്ഞെടുക്കുന്ന രീതി സഭയിൽ കടന്നുകൂടിയിട്ടുണ്ട്. മുമ്പു ചെയ്തിട്ടുള്ളതുകൊണ്ട് എന്നും അങ്ങനെ വേണമെന്നില്ല. അതു "പവിത്രമായ പാരമ്പര്യ"മായൊ ഓർത്തഡോക്സിയുടെ ഭാഗമായൊ കൊട്ടിഘോഷിക്കുന്നവരുണ്ടാകുമോ എന്തോ? സഭയുടെ ഭരണഘടനയിൽ പിൻഗാമിയുടെ അപ്രകാരമുള്ള തെരഞ്ഞെടുപ്പിനെക്കുറിച്ചോ "നിയുക്ത കാതോലിക്കാ" എന്നൊരു സ്ഥാനിയെക്കുറിച്ചോ പരാമർശിക്കുന്നില്ല. പിൻഗാമിയെ തെരഞ്ഞെടുത്തപ്പോളെല്ലാം അതാതു സമയത്തെ സഭാദ്ധ്യക്ഷന്മാർ വളരെ പ്രായത്തിലെത്തിയിരുന്നു (പിൻഗാമിയെ നിശ്ചയിച്ചപ്പോൾ പ്രധാന മേലദ്ധ്യക്ഷന്മാരുടെ ശരാശരി പ്രായം 81 ആയിരുന്നു. പിൻഗാമികൾ സ്ഥാനമേറ്റപ്പോളും അവരിൽ പലരും ആ പ്രായത്തിനടുത്തോ അതിലേറെയോ എത്തിനിന്നിരുന്നു). ആ നിലയല്ല ഇന്നുള്ളത്. ആ രീതിയ്ക്കു തുടക്കമിട്ടതിനുശേഷം ഇത്രയും പ്രായം കുറഞ്ഞ സ്ഥാനിയെ തെരഞ്ഞെടുക്കുകയൊ വാഴിക്കുകയൊ ചെയ്തിട്ടില്ല. മാത്രമല്ല, മുമ്പു തെരഞ്ഞെടുപ്പുകൾ (വാഴ്ചകളും) നടന്ന സാഹചര്യമല്ല ഇന്നുള്ളത്. Election നും Elevation ഉം വടക്കു എവിടെനിന്നെങ്കിലുമൊ ഉടുപ്പിയിൽ നിന്നോ ഉടക്കൊമുടക്കൊ വിലയ്ക്കു വാങ്ങി വിഘ്നങ്ങൾ സൃഷ്ടിക്കുന്ന സഭാദ്ധ്വംസകരുടെ വിദ്ധ്വംസക പ്രവർത്തനങ്ങളും ഒത്തിരിയേറെ ഒതുങ്ങിയിട്ടുണ്ട്. കോടതികൾ ഒതുക്കിയിട്ടുണ്ട്.

പിൻഗാമി തെരഞ്ഞെടുപ്പു മുന്നിൽകണ്ടു പുത്തൻ ജീവചരിത്രം സൃഷ്ടിക്കുന്നവരും സ്ഥാനികളുടെ ഗുണഗണങ്ങളെക്കുറിച്ചു പരസ്യപ്രക്ഷേപണം നടത്തുന്നവരും അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട് (കഴിഞ്ഞ പിൻഗാമി തെരഞ്ഞെടുപ്പിനാണ് വിചിത്രവും വികലവുമായ ജീവചരിത്രസൃഷ്ടികൾ ഇറങ്ങാൻ തുടങ്ങിയത്). അവ കൊണ്ടൊന്നും ആരും

ആ സ്ഥാനത്തു എത്തണമെന്നില്ല. പ്രധാന മേലദ്ധ്യക്ഷരായവരുടെ ചരിത്രങ്ങളും ചിത്രങ്ങളും വ്യക്തമാക്കുന്നതതാണ്. ഇപ്പോഴത്തെ ബാവായും വലിയ ബാവായുമൊക്കെ അസാധാരണക്കാർ ആയിരുന്നില്ല. വലിയ ബാവായും പ. മാത്യൂസ് ദ്വിതീയൻ ബാവായും തെരഞ്ഞെടുക്കപ്പെടുമ്പോൾ മേല്പട്ടം ഏറ്റതിന്റെ സീനിയോറട്ടി അവകാശപ്പെടാനുണ്ടായിരുന്നു. ഇപ്പോഴത്തെ ബാവായ്ക്ക് അതുമില്ലായിരുന്നു. എങ്കിലും ആ സ്ഥാനത്തു "ആരൂഢ"രാകാൻ തീഷ്ണമായി ആഗ്രഹിക്കുകയും തീവ്രമായി അദ്ധ്വാനിക്കുകയും ചെയ്തവരിൽ നിന്നു ഭിന്നമായി അദ്ദേഹത്തെ സഭ - ദൈവം - തെരഞ്ഞെടുത്തു (ദൈവം തെരഞ്ഞെടുക്കുന്നവർക്കു സ്ഥാനത്തിനനുയോജ്യമായ ശോഭയും കാന്തിയും വിജ്ഞാനവും ലഭിക്കാതിരിക്കില്ല. ദൈവത്തെക്കൊണ്ടു തെരഞ്ഞെടുപ്പിക്കപ്പെടുന്നവർക്കു അവയെല്ലാം ലഭിക്കണമെന്നില്ല. രണ്ടു തരത്തിലുമുള്ളവർ എല്ലാ സഭകളിലും സ്ഥാനങ്ങളിലും കാണാതിരിക്കില്ല). കഴിവുകളുടെ കൂടുതൽ കുറവുകൾ കൊണ്ടല്ല തെരഞ്ഞെടുക്കപ്പെട്ടതു, മറിച്ചു സഭയെ ദൈവയിഷ്ടപ്രകാരം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യാൻ ദൈവകരങ്ങളിൽ ഉപകരണമായിത്തീരുവാനുള്ള വിനയവും വിവേകവും വിധേയത്വവും അദ്ദേഹത്തിനു ഉണ്ടായതുകൊണ്ടാണ്. ഈ നന്മകൾ അദ്ദേഹത്തിനു നഷ്ടപ്പെടാനിടയാകരുതെന്നുള്ളതാണ് സഭയെ സ്നേഹിക്കുന്നവരുടെ പ്രാർത്ഥന മുഴുവനും. ചുറ്റിപ്പറ്റി നില്ക്കുന്ന ആഭ്യുദയകാംക്ഷികളും ആരാധകരും ആശ്രിതരും ഈ ഗുണങ്ങൾ ഇല്ലാതാക്കില്ലെന്നു കരുതുന്നു. പലരും അടുത്തു കൂടുന്നതു ഏദനിലെ പാമ്പിന്റെ പത്തിയുമായിട്ടായിരിക്കും. ഹവ്വായേയും അവളുടെ പ്രിയതമൻ ആദാമിനെയും അങ്ങനെ അഖിലാണ്ഡത്തെ മുഴുവനെയും വീഴ്ത്തിയതു വാഴ്ത്തലിലൂടെയാണല്ലോ. "ബലഹീനരായ" പിതാക്കന്മാരെ വാഴ്ത്തിയും പുകഴ്ത്തിയും വീഴ്ത്താൻ ബലവാന്മാരായ സ്ഥാനസ്ഥാപിത സ്വാർത്ഥതാല്പര്യക്കാർക്കു കഴിയുന്നില്ലെന്നു പറയാനാവില്ല.

മുമ്പു - വളരെ മുമ്പല്ല - ഉണ്ടായിരുന്ന അന്തരീക്ഷമല്ല ഇന്നു സഭയിൽ - സഭകളിൽ - നിലനില്ക്കുന്നത്. പല സ്ഥാനങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾക്കു രാഷ്ട്രീയ തെരഞ്ഞെടുപ്പുകളുടെയൊ അതിലും തരംതാണതായൊ ഉള്ള മാനം (അപമാനം) കൈവന്നിരിക്കുന്നുവെന്നുള്ള സത്യം നിഷേധിക്കുക പ്രയാസമാണ്. 1970-ലെയും 80-ലെയും പിൻഗാമി തെരഞ്ഞെടുപ്പു അടുത്തുനിന്നും (തൊട്ടുരുമ്മി നിന്നും) അതിനുശേഷമുള്ളതു അകലെനിന്നും അറിയുവാൻ അവസരം ലഭിച്ചയാളാണു ഇതു കുറിക്കുന്നത്. ഇപ്പോഴത്തെ ബാവായുടെ തെരഞ്ഞെടുപ്പു നടന്ന വേളയിലെ പ്രചരണങ്ങളും സ്ഥാനാർത്ഥികളും അവർക്കു ലഭിച്ച വോട്ടും അപ്പോഴപ്പോൾതന്നെ പുറത്തു പരസ്യമാക്കിയിരുന്നു. അതിനു മുമ്പുള്ളവ അപ്രകാരമായിരുന്നില്ല. അവയെക്കുറിച്ചു സ്വന്തം ഭാവന ഉപയോഗിച്ചും സ്വന്തം സ്ഥാനികളായിരുന്നു ആരൂഢരാകേണ്ടിയിരുന്നതെന്നു ആഗ്രഹിച്ചും പൊട്ടക്കെട്ടുകഥകൾ സൃഷ്ടിച്ചവരുണ്ട്. പലരും അവ പകർത്തി ആധികാരികമാക്കിക്കൊണ്ടിരിക്കുന്നു.

1970-ലെ പിൻഗാമി തെരഞ്ഞെടുപ്പിനു മുമ്പു അവിടെയും ഇവിടെയും ചുരുക്കം ചില മേല്പട്ടക്കാരുടെ പേരുകൾ ആ സ്ഥാനത്തേക്കു പൊന്തിവന്നിരുന്നു. എങ്കിലും സ്ഥാനിയെ അനൗദ്യോഗമായി നിശ്ചയിച്ച മേല്പട്ടക്കാരുടെ മീറ്റിംഗിൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ പേരു മാത്രമേ വന്നിരുന്നുള്ളു (ആ സമ്മേളനത്തിനു സുന്നഹദോസെന്നു പറയുവാനാവില്ല. സുന്നഹദോസിന്റെ ചുമതല ഘടനപ്രകാരം അസോസിയേഷൻ തെരഞ്ഞെടുക്കുന്ന ആളിന്റെ ratification മാത്രമാണ്. മലങ്കര മെത്രാപ്പോലീത്താ സ്ഥാനിയെ അസോസിയേഷൻ തെരഞ്ഞെടുത്താൽ മതി. അന്നത്തെ സീനിയർ മെത്രാപ്പോലീത്താ തോമ്മാ മാർ ദീവന്നാസിയോസ് നിർദ്ദേശിച്ച ആ പേര് അസോസിയേഷനിൽ സമർപ്പിക്കുവാൻ ഐകകണ്ഠേന നിശ്ചയിക്കുകയായിരുന്നു. അവിടെ മറ്റൊരു പേരും പേരിനുപോലും വന്നില്ല. പേരുകൾ വരുമെന്നു കരുതിയവരും സ്വന്തം പേരു വരുമെന്നു പ്രതീക്ഷിച്ചവരും അവിടെ ഇല്ലാതിരുന്നില്ല (അങ്ങനെ പ്രതീക്ഷിച്ചവ

രിൽ ആരു ആരുടെ പേര് അവിടെ പറയണമെന്നുള്ളതിനെക്കുറിച്ചു അല്പം പോരും നേരത്തെ ഉണ്ടായി. അതുകൊണ്ടാണു മറ്റു പേരുകളൊന്നും വരാതെ ഒരേയൊരു പേരു മാത്രം വരാൻ കാരണമായത്. പദവിപടികയറ്റത്തിനും അതിനുവേണ്ടിയുള്ള മോഹത്തിനും പ്രായം ഒരു പ്രതിബന്ധമാകണമെന്നില്ലല്ലോ).

1980-ലെ തെരഞ്ഞെടുപ്പിൽ മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ മേല്പട്ടക്കാരുടെ നാമനിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. അന്നത്തെ സഭാസാരഥി പ. മാത്യൂസ് പ്രഥമൻ ബാവാ അദ്ദേഹത്തിന്റെ ആലോചനാസമിതിയുമായി ആലോചിച്ചപ്പോൾ മേല്പട്ടക്കാരുടെ അഭിപ്രായമറിഞ്ഞു തീരുമാനമെടുക്കണമെന്നുള്ള ആശയം ഉരുത്തിരിഞ്ഞു. നാമനിർദ്ദേശം ലഭിച്ച ഇരുവർക്കും സമ്മതമാണെങ്കിൽ അവരിൽ ഒരാളെ നിശ്ചയിക്കുന്നതാണു നല്ലതെന്നും മേല്പട്ടക്കാരുടെ അഭിപ്രായത്തിൽ ഇരുവരിൽ ആരെയാണ് ഭൂരിപക്ഷം മേല്പട്ടക്കാർ പിന്തുണയ്ക്കുന്നുവൊ ആ ആളിന്റെ പേരു അസോസിയേഷനിൽ സമർപ്പിക്കണമെന്നുള്ള അഭിപ്രായമുണ്ടായി. നോമിനേഷൻ ലഭിച്ചവരുമായി പ. ബാവാ ബന്ധപ്പെട്ട് അവരുടെ അഭിപ്രായം ആരാഞ്ഞു. ഇരുവരും മേല്പട്ടക്കാരുടെ ഏതു തീരുമാനത്തിനും അവർ സമ്പൂർണ്ണമായി സമ്മതിക്കുന്നുവെന്നും അവർക്കു സ്വന്തമായി തീരുമാനമൊന്നുമില്ലെന്നുമറിയിച്ചു. ആ സമയത്തു തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കുവൈറ്റിലായിരുന്നതുകൊണ്ട് ടെലഫോണിലാണു ബാവാ ബന്ധപ്പെട്ടത്. ദേവലോകത്തു മേല്പട്ടക്കാരെ വിളിച്ചുകൂട്ടി ബാവാ വിഷയം ചർച്ച ചെയ്തു. മേല്പട്ടക്കാർ കടലാസിൽ അവരുടെ അഭിപ്രായം എഴുതി ബാവായെ ഏല്പിക്കാമെന്നും ഇരുവരിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന മേല്പട്ടക്കാരന്റെ പേരു പിൻഗാമിസ്ഥാനത്തേക്കു സമർപ്പിക്കണമെന്നും നിശ്ചയിച്ചു. അന്നുണ്ടായിരുന്ന മേല്പട്ടക്കാരിൽ മൂന്നു പേർ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു. അവരിൽ രണ്ടു പേർ മാത്രമാണ് - ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ് - അതിൽ സംബന്ധിച്ചത്. തന്റെ പിൻഗാമിയായതുകൊണ്ടു ബാവാ സ്വന്ത അഭിപ്രായം രേഖപ്പെടുത്തുകയില്ലെന്നറിയിച്ചു. അവിടെ സന്നിഹിതനായിരുന്ന മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും അഭിപ്രായം രേഖപ്പെടുത്തുന്നതിൽ നിന്നു വിട്ടുനിന്നു. എല്ലാ മേല്പട്ടക്കാരും രേഖപ്പെടുത്തിയ പേരു മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടേതായിരുന്നു. ഇതു നടന്നത് നാമനിർദ്ദേശങ്ങൾ പിൻവലിക്കുന്നതിനുള്ള തീയതിക്കു വളരെ മുമ്പാണ്. അതുകൊണ്ടു തന്നെ പിൻഗാമിസ്ഥാനത്തേക്കു അന്നു ഒരേയൊരു പേരു മാത്രമാണ് വന്നത്.

ഇതിനു വിരുദ്ധമായി പലരും പലതും എഴുതി "ചരിത്രം" സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോഴും അതു തുടരുന്നു. അടുത്ത സമയത്തു കണ്ട ഒന്നു മാത്രം കുറിക്കുന്നു. പ്രൊഫ. ജോസഫ് അലക്സാണ്ടർ താൻ അന്നത്തെ വരണാധികാരിയായിരുന്നുവെന്നും തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വൈകി മാറിയതുകൊണ്ടു വോട്ടിംഗിനുള്ള തയ്യാറെടുപ്പു നടന്നിരുന്നുവെന്നും പക്ഷേ, സമയത്തു അതു വേണ്ടിവന്നില്ലായെന്നും അടുത്ത സമയത്തു എഴുതിയതു വായിക്കുവാൻ ഇടയായി. വരണാധികാരി ആയിരുന്നതുകൊണ്ടു ആധികാരികത കൂടുമല്ലോ. മറവികൊണ്ടോ ഓർമ്മപിശകുകൊണ്ടോ വന്ന വൈകല്യമായിരിക്കാം. മറ്റു ചില ചരിത്രകാരന്മാരുടെ സ്ഥാപിത താല്പര്യങ്ങൾ അദ്ദേഹത്തിനു ഉണ്ടാകാനിടയില്ല. വോട്ടിംഗിനുള്ള ഒരുക്കം നടന്നുവെന്നുള്ളതു സത്യം. അതു പിൻഗാമിസ്ഥാനത്തിനു വേണ്ടിയായിരുന്നില്ല. മറിച്ചു അത്മായട്രസ്റ്റി സ്ഥാനത്തേക്കായിരുന്നു. അന്നു ശ്രീ. പി. സി. ഏബ്രഹാമും ശ്രീ. ഇ. ജെ. ജോസഫും സ്ഥാനികളായി രംഗത്തുണ്ടായിരുന്നു. എന്നാൽ അസോസിയേഷൻ നടക്കുന്നതിനു മുമ്പു ശ്രീ. ഇ. ജെ. ജോസഫ് പിൻമാറിയതുകൊണ്ടു വോട്ടിംഗ് വേണ്ടിവന്നില്ല.

1992-ൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തത് ഐകകണ്ഠേനയായിരുന്നുവെന്നാണു അകലെ നിന്നു അറിയുവാൻ സാധിച്ചത്.* ഇപ്പോഴത്തെ ബാവായുടെ തെരഞ്ഞെടുപ്പു വേളയിൽ അടുത്ത കാലങ്ങളിൽ നടന്നിട്ടുള്ള എപ്പി

സ്കോപ്പൽ തെരഞ്ഞെടുപ്പുകൾ പോലെ ചിലർ സ്ഥാനാർത്ഥികളായതും പ്രചരണത്തിനിറങ്ങിയതും സ്വയം വോട്ടു ചെയ്തതുമെല്ലാം വാർത്തകളിൽ നിറഞ്ഞു നിന്നിരുന്നുവല്ലോ. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനിയുൾപ്പെടെ അങ്ങനെയല്ലാത്തവരും ഉണ്ടായിരുന്നുവെന്നുള്ളതു ആശ്വാസത്തിനു വക നല്കുന്നു.

ഇനിയുള്ള കാലത്തു പിൻഗാമി തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള പിടിവലികളും പോരാട്ടങ്ങളും ശക്തവും ശപ്തവുമായിയെന്നു വരാം. കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടാകാം. അവർ മേല്പട്ടക്കാരിൽ ഒതുങ്ങണമെന്നില്ല (അവിവാഹിതരും വൈധുര്യം പ്രാപിച്ചവരുമായ അയ്മേനികളും വൈദികരും വിവിധ സഭകളുടെ - ഓർത്തഡോക്സ് സഭകളുടെ ഉൾപ്പെടെ - പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടതിനും അവരോധിക്കപ്പെട്ടതിനും സഭാചരിത്രത്തിൽ ഒട്ടുവളരെ ഉദാഹരണങ്ങളുണ്ട്. നമ്മുടെ സഭയുമായി ഹൃദ്യബന്ധമുണ്ടായിരുന്ന റൂമേനിയൻ പാത്രിയർക്കീസ് പ. ജസ്റ്റീനിയൻ അതിനൊരു ആധുനിക ഉദാഹരണമാണ്). മേല്പട്ടക്കാർ ഉൾപ്പെടെ പലരും സ്ഥാനാർത്ഥികളായി അകത്തും പുറത്തും അരങ്ങു തകർക്കുന്ന അവസ്ഥ സഭയിൽ ഇപ്പോൾ സൃഷ്ടിക്കാതിരിക്കയാണ് നല്ലത്. തെരഞ്ഞെടുപ്പു കഴിഞ്ഞാലും അതിന്റെ പൊട്ടലും ചീറ്റലും പൊട്ടിത്തെറികളും തുടർന്നുകൊണ്ടിരിക്കാതിരിക്കില്ല. മാത്രമല്ല, ഇപ്പോൾ തെരഞ്ഞെടുപ്പു നടന്നാൽ നൂറു ശതമാനം നുണനിറച്ചു നിറം പിടിപ്പിച്ച "തെരഞ്ഞെടുപ്പു വിശേഷങ്ങൾ" ഭാവി ചരിത്രകാരന്മാർക്കു മെനയുവാൻ അവസരമൊരുക്കുകയും ചെയ്യും.

സ്ഥാനം മോഹിക്കുന്നവർ മേല്പട്ടക്കാരായാൽ പിന്നത്തെ നേട്ടമായി നോട്ടമിടുന്നതു കാതോലിക്കാ സിംഹാസനമായിരിക്കും. ആ നോട്ടമില്ലാതിരുന്ന അതിശ്രേഷ്ഠരായ മേല്പട്ടക്കാരും സഭയിലുണ്ടായിട്ടുണ്ട്; ഇപ്പോഴുമുണ്ട്. കിട്ടുകയില്ലെന്നു തിട്ടം വന്നപ്പോൾ പോട്ടെന്നുവച്ചു പിന്നോട്ടുമാറി നിന്നിട്ടുള്ളവരുണ്ടായിരിക്കും. അവരുടെ കാര്യമല്ല പറഞ്ഞത്. ആ സ്ഥാനം കൈയെത്താവുന്ന ദൂരത്തിലായിരുന്നിട്ടും മോഹിക്കാതിരുന്നവരുണ്ട്. അതിനു ഒരു ഉത്തമ ഉദാഹരണമാണ് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ. 80-ലെയും മറ്റും പിൻഗാമി തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പേരു മുൻപന്തിയിലുണ്ടായിരുന്നു. പലവിധത്തിലും മേല്പട്ടക്കാരുടെ നിരയിൽ അനുപമമായ സ്ഥാനത്തായിരുന്നല്ലോ അദ്ദേഹം. 80-ലെ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തെ നാമനിർദേശം ചെയ്യാൻ ശ്രമിച്ചവരെ ശാസിക്കുകയും അതു വലിച്ചുകീറി കളയുവാൻ അദ്ദേഹം ശക്തമായി നിർദ്ദേശിക്കുകയുമാണ് ചെയ്തത് (നന്മയും നേർമ്മയും നിറഞ്ഞുനിന്ന അദ്ദേഹത്തെക്കുറിച്ചു അടുത്തസമയത്തു കുലീനതയുടെ കുബേര മെത്രാപ്പോലീത്താ എന്ന നിലയിൽ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഒരു ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനു "ആമ്മീൻ" എന്നായിരിക്കണം അനേകരുടെയും പ്രതികരണം).

സാധാരണരീതിയിൽ രണ്ടു പതിറ്റാണ്ടിലേറെക്കാലത്തെ സഭാനേതൃത്വം ഇപ്പോഴത്തെ സഭാദ്ധ്യക്ഷനിൽ നിന്നു പ്രതീക്ഷിക്കാം. അതുകൊണ്ടു പിൻഗാമിയെ തെരഞ്ഞെടുക്കുവാൻ പദ്ധതിയുണ്ടെങ്കിൽ പിൻഗാമികളുടെ ഒരു പാനലിനെ തെരഞ്ഞെടുത്തു വയ്ക്കുകയായിരിക്കും ബുദ്ധിയും ഉത്തമവും. ആവശ്യം വരുന്ന അവസരത്തിൽ അവരിൽ ആര് അന്നു ജീവിച്ചിരിക്കുന്നുവൊ ആ ആളിനെ - ഒന്നിലേറെയുണ്ടെങ്കിൽ അവരിൽ ഒരാളെ - ആ സ്ഥാനത്തേക്കു ഉയർത്താം. കഴിഞ്ഞ പിൻഗാമി തെരഞ്ഞെടുപ്പിൽ വോട്ടുകിട്ടിയ സ്ഥാനാർത്ഥികളിൽ ആവശ്യം വന്നപ്പോൾ ജീവിച്ചിരുന്നതു സഭ തെരഞ്ഞെടുത്തയാൾ മാത്രമായിരുന്നുവെന്നുള്ളതു മറക്കാൻ സമയമായിട്ടില്ല. ഒരാളെ മാത്രം ഇപ്പോൾ തെരഞ്ഞെടുത്താൽ ആ സ്ഥാനി ആവശ്യം വരുന്ന അവസരത്തിൽ അപ്രത്യക്ഷനായെന്നോ അപ്രസക്തനായെന്നോ വരാവുന്നതാണ്.

പിൻഗാമിതെരഞ്ഞെടുപ്പിൽ സ്വയമോ മറ്റുള്ളവരുടെ പ്രേരണ മൂലമോ നിന്നിട്ടുള്ളതൊ പേരു പറയപ്പെട്ടിട്ടുള്ളതോ ആയ പല മേല്പട്ടക്കാരുടെയും പിൽക്കാലചരിത്രം അത്ര

ആശാവഹമായിരുന്നുവെന്നു പറയുവാൻ പ്രയാസമാണ്. ഉണർവോടും ഉൽസാഹത്തോടും പ്രവർത്തിച്ചിരുന്ന അപ്രകാരമുള്ള പലരിലും പിന്നീടുള്ള പ്രവർത്തനങ്ങളിൽ അസംതൃപ്തിയും അസ്വസ്ഥതയും നിരാശയുമാണ് ഏറെയും പ്രതിഫലിച്ചിരുന്നത്. മനസ്സിനെ മാത്രമല്ല, ശരീരത്തെയും അവ ബാധിച്ചു ചിലർ ശിഷ്ടായുസ്സ് രോഗികളായി കഴിയേണ്ടി വരികയും ചെയ്തു. ഇന്നു സന്തോഷത്തോടും സംതൃപ്തിയോടും സഭയിൽ പ്രവർത്തിക്കുന്ന പലരും തെരഞ്ഞെടുപ്പു രംഗത്തുണ്ടെങ്കിൽ മേല്പറഞ്ഞ മേല്പട്ടക്കാരുടെ ഗതിക്കു ഇരയായെന്നു വരും. അവ പഴയതിലും ശക്തമായി ഇനിയുമുള്ള കാലത്തു പ്രതിഫലിച്ചുവെന്നുമിരിക്കും.

ഒരു കാര്യം പുതിയ ബാവായ്ക്കു ചെയ്യാവുന്നതാണ്. സഭയുടെ നേതൃശുശ്രൂഷ ആരോഗ്യമുള്ളപ്പോളും ആലോചിക്കാൻ കഴിവുള്ളപ്പോഴും മാത്രം ചെയ്യത്തക്കവണ്ണമുള്ള ക്രമീകരണങ്ങൾ ഇപ്പോഴേ ചെയ്യുക എന്നുള്ളതാണത്. പ്രായാധിക്യത്തിൽ ചുറ്റും വട്ടമിട്ടു നില്ക്കുന്നവർ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ ചെയ്യേണ്ട പരിശുദ്ധാത്മപ്രേരിതമായ തീരുമാനങ്ങൾ അക്ഷരാർത്ഥത്തിൽ നിർവ്വഹിക്കുന്നതിനു അവസരം കൊടുക്കുന്നതു പരിശുദ്ധ സഭയ്ക്കു വഹിക്കാവുന്നതിലുമധികമാണ്. അവരുടെ നീക്കവും നോട്ടവും നേട്ടവുമല്ലല്ലോ ദൈവം നിയമിച്ചാക്കിയ പ്രധാന മേലദ്ധ്യക്ഷനുള്ളത്.

** രഹസ്യ വോട്ടിംഗ് നടന്നുവെന്നും തോമസ് മാർ മക്കാറിയോസ് തിരുമേനിക്ക് ഒരു വോട്ട് ലഭിച്ചുവെന്നും മറ്റ് പങ്കെടുത്ത മെത്രാപ്പോലീത്തന്മാരെല്ലാം തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കു വോട്ട് ചെയ്തുവെന്നുമാണ് കേട്ടിട്ടുള്ളത്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പേര് ആദ്യ ഘട്ടത്തിൽ ഉയർന്നുകേട്ടിരുന്നു. 'എനിക്ക് പറ്റിയ പണിയല്ല' എന്ന് പരസ്യമായി പ്രസ്താവിച്ച് അദ്ദേഹം ഒഴിവായി. സീനിയർ മെത്രാപ്പോലീത്തായായിരുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയും ഈ സ്ഥാനമേല്ക്കാൻ വിസമ്മതിച്ചു. സുന്നഹദോസ് സെക്രട്ടറിയായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മറ്റ് മെത്രാപ്പോലീത്തന്മാരുമായി ആലോചിച്ച് തീമോത്തിയോസ് തിരുമേനിയുടെ പേര് സുന്നഹദോസ് ഐകകണ്ഠേന നിർദ്ദേശിക്കുവാൻ കളമൊരുക്കിയെങ്കിലും തോമസ് മാർ മക്കാറിയോസ് തിരുമേനി മാത്രം ഈ ആലോചനയ്ക്ക് വിരുദ്ധമായി സ്വന്തം പേര് എഴുതിയിടുകയായിരുന്നു എന്നാണ് അറിവ്. - പത്രാധിപർ.*